# ഐശ്വര്യ സ്വയം സഹായം

## മുക്കണ്ണിപ്പറമ്പ്, കൊമ്മേരി

ഐശ്വര്യ സ്വയം സഹായം, മുക്കണ്ണിപ്പറമ്പ്, കൊമ്മേരിയുടെ ആഭിമുഖ്യത്തിൽ 203 വിദ്യാർത്ഥികൾക്ക് സൗജന്യ പുസ്തക വിതരണവും, ബ്ലീച്ചിംഗ് പൗഡർ വിതരണം, തുണി സഞ്ചി വിതരണം എന്നിവ നടത്തുകയും കൂടാതെ 50,000 രൂപയും, മൊബൈൽ ഫോണും കളഞ്ഞു കിട്ടിയത് തിരിച്ചു നൽകി മാതൃക കാണിച്ച ഓട്ടോ ഡ്രൈവർ ആനന്ദനെ ആദരിക്കുകയും ചെയ്തു. പ്രസിഡണ്ട് ബാബുരാജ് ചമ്പയിൽ അദ്ധ്യക്ഷത വഹിച്ചു. പൊതുയോഗവും 2013 ലെ സ്കൂൾ വർഷത്തേക്കുള്ള പുസ്തക വിതരണവും 30-ാം വാർഡ് കൗൺസിലർ കവിത അരുൺ ഉൽഘാടനം ചെയ്തു. ആനന്ദന് മെഡിക്കൽ കോളേജ് ജനമൈത്രി ബീറ്റ് ഓഫിസർ ശ്രീ. ജഗ്ജീവൻ ഉപഹാരം നൽകി ആദരിച്ചു.

**50,000 രൂപയും മൊബൈൽ ഫോണും കളഞ്ഞു കിട്ടിയത് തിരിച്ചു നൽകി മാതൃക കാണിച്ച ഓട്ടോ ഡ്രൈവർ ആനന്ദന് മെഡിക്കൽ കോളേജ് ജനമൈത്രി ബീറ്റ്ഓഫിസർ ശ്രീ. ജഗ്ജീവൻ ഉപഹാരം നൽകുന്നു**



പുസ്തകം, ബ്ലീച്ചിംഗ് പൗഡർ വിതരണം നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ നിർവ്വഹിക്കുന്നു



കവിത അരുൺ (കൗൺസിലർ)
ചടങ്ങിൽ പ്രസംഗിക്കുന്നു.




എടോളി ശ്രീഷാന്ത് (ജോയന്റ് സെക്രട്ടറി)
ചടങ്ങിൽ നന്ദി പ്രകാശിപ്പിച്ചു സംസാരിക്കുന്നു.




കോഴിക്കോട് മെഡിക്കൽ കോളേജ് ജനമൈത്രി
ബീറ്റ് ഓഫിസർ ശ്രീ. ജഗ്ജീവൻ പൊതുജനങ്ങളെ
അഭിസംബോധനചെയ്ത് സംസാരിക്കുന്നു.



**കവിത അരുൺ(കൗൺസിലർ)**
**ചടങ്ങിൽ പുസ്തകം വിതരണം ചെയ്യുന്നു.**



ബ്ലീച്ചിംഗ് പൗഡർ വിതരണം നക്ഷത്രരാജ്യം മാസിക മാനേജിംഗ് എഡിറ്റർ നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണനും തുണിസഞ്ചി വിതരണം സഹോദര സംഘം പ്രസിഡണ്ട് മുസ്തഫയും നിർവ്വഹിച്ചു. ആശംസകൾ അർപ്പിച്ചുകൊണ്ട് പ്രമുഖ വ്യക്തിത്വങ്ങൾ സംസാരിക്കുകയുണ്ടായി. വി.പി. നിഷാന്ത്(സെക്രട്ടറിസ്വാഗതവും, എടോളി ശ്രീഷാന്ത് (ജോയന്റ് സെക്രട്ടറി നന്ദിയും, രേഖപ്പെടുത്തി. അദ്ധ്യക്ഷ പ്രസംഗത്തിൽ വ്യക്തികൾ പ്ലാസ്റ്റിക്ക് ക്യാരിബാഗുകളും, സംഘടനകൾ ചെറിയ ലാഭത്തിനു വേണ്ടി ഫ്ളക്സ് ബോർഡുകളും ഉപയോഗിക്കുന്നത് പ്രകൃതിയോടും മനുഷ്യനോടും ചെയ്യുന്ന വലിയ തെറ്റാണെന്ന് ഓർമ്മിപ്പിച്ചു.

## സംഘം മെമ്പർമാർ:

1. ബാബുരാജ് ചമ്പയിൽ,
2. നിഷാന്ത് വി.പി.,
3. സുധീഷ്കുമാർ,
4. ഇ. ശ്രീഷാന്ത്,
5. സുഭിലൻ,
6. അജീഷ്,
7. ഷിജിത്ത്,
8. ചന്ദ്രൻ,
9. ബിജു,
10. ബിനീഷ്,
11. രാജീവ്,
12. മോഹൻദാസ്,
13. വിജയകുമാർ,
14. ബാലകൃഷ്ണൻ,
15. ബിനു,
16. പരമേശ്വരൻ.